**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന നീലേശ്വരം നഗരസഭയിൽ ജോലിചെയ്തുവരുന്ന ശ്രീ. ചന്ദ്രശേഖരൻ എം.-നെ മാതൃവകുപ്പിലേയ്ക്ക് തിരികെ അയച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1649/2019/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 01.08.2019.**

പരാമർശം:
1) സ.ഉ.(സാധാ) നം.264/2008/കൃഷി തീയതി, 12.02.2008.
2) ശ്രീ. ചന്ദ്രശേഖരൻ എം. സമർപ്പിച്ച 06.10.2016-ലെ നിവേദനം
3) കാർഷിക വികസന കർഷകക്ഷേമ ഡയറക്ടറുടെ 08.03.2017-ലെ എസ്.എ(4)5784/17 നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 20.07.2019-ലെ ഇ6-15518/2019 നമ്പർ കത്ത്

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭയിൽ പരാമർശം(1)-ലെ ഉത്തരവ് പ്രകാരം പുനർവിന്യാസ വ്യവസ്ഥയിൽ ജോലിയിൽ തുടരുന്ന കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ജീവനക്കാരനായ ശ്രീ. ചന്ദ്രശേഖരൻ എം.-നെ മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ടിയാനു പകരമായി ശ്രീമതി സ്മിത കെ.ജി.-യെ പയ്യന്നൂർ നഗരസഭയിലേക്ക് പുനർവിന്യസിച്ചിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം കാർഷിക വികസന കർഷകക്ഷേമ ഡയറക്ടർ അറിയിച്ചിരിക്കുന്നു. ടിയാനെതിരെ വിജിലൻസ് അന്വേഷണങ്ങളൊ മറ്റ് നടപടി ക്രമങ്ങളൊയില്ലായെന്ന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും പുനർവിന്യാസ വ്യവസ്ഥ പ്രകാരം നീലേശ്വരം നഗരസഭയിൽ ജോലിചെയ്തുവരുന്ന ശ്രീ. ചന്ദ്രശേഖരൻ എം.-നെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നീലേശ്വരം നഗരസഭ, കാസറഗോഡ്.
ശ്രീ. ചന്ദ്രശേഖരൻ എം., കൃഷി വകുപ്പ് (വകുപ്പ് മേധാവി മുഖേന)
കൃഷി വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ